(ഡി) ധനസഹായം വാങ്ങിയവർ കൃത്യമായി തീറ്റപ്പുൽകൃഷി ചെയ്യുന്നുണ്ടോ എന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ലഭിക്കുന്നില്ല.

(ബി) ഉണ്ട്.

(സി) 2003-2004 സാമ്പത്തിക വർഷം 34,058 കർഷകർക്ക് ധനസഹായം നൽകി. നടപ്പുവർഷം ധനസഹായം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു.

(ഡി) തീറ്റപ്പുൽകൃഷി ചെയ്യുന്നുണ്ട്.

വീട്ടുവളപ്പിൽ പച്ചക്കറി കൃഷിയുടെ പുരോഗതി

64 [2927] ശ്രീ. വി. കെ. ചന്ദ്രൻ:
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. വി. കെ. സി. മമ്മത്കോയ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് നടപ്പിലാക്കിയ വീട്ടുവളപ്പിൽ പച്ചക്കറി കൃഷിയുടെ പുരോഗതി വെളിപ്പെടുത്തുമോ;

(ബി) തൻവർഷം ഈ പദ്ധതിയിലൂടെ ഉണ്ടായിട്ടുള്ള പച്ചക്കറി ഉൽപാദന വർദ്ധനവിന്റെ തോത് വെളിപ്പെടുത്താമോ;

(സി) ഉൽസവ കാലങ്ങളെ ലക്ഷ്യമാക്കിയുള്ള പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ എന്തെല്ലാം പദ്ധതികളാണ് ആവിഷ്ക്കരിച്ചിട്ടുള്ളത്;

(ഡി) ഓണക്കാലത്ത് സംസ്ഥാനത്ത് പച്ചക്കറി വിതരണം ഗ്രാമങ്ങളിലും സജീവമായി നടത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2003-2004-ൽ പച്ചക്കറിയുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കൃഷിവകുപ്പ് മുഖേന സംസ്ഥാനാവിഷ്കൃത പദ്ധതിപ്രകാരം 857.58 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി നടപ്പിലാക്കുകയുണ്ടായി. കൂടാതെ 500 സ്കൂൾ പച്ചക്കറിത്തോട്ടം നിർമ്മാണം നടത്തുകയും, 106850 പച്ചക്കറി വിത്തുകിറ്റുകൾ റെസിഡൻഷ്യൽ അസോസിയേഷനുകൾക്ക് വിതരണം നടത്തുകയും ചെയ്തു. കേന്ദ്രാവിഷ്കൃത പദ്ധതിപ്രകാരം 400 ഹെക്ടറിൽ പരമ്പരാഗത പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുകയും, ഇടുക്കി, വയനാട് ജില്ലകളിൽ 94 ഹെക്ടറിൽ ശീതകാല പച്ചക്കറികളുടെ ജൈവ കൃഷിയിലൂടെയുള്ള ഉൽപാദനം പ്രോത്സാഹിപ്പിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 2003-2004-ൽ വെജിറ്റബിൾ ആന്റ് ഫ്രൂട്ട് പ്രമോഷൻ കൗൺസിൽ (VFPCK) 9 ജില്ലകളിൽ പച്ചക്കറി കൃഷി നടപ്പാക്കിയതുവഴിയും കൃഷി വകുപ്പ് മറ്റ് അഞ്ച് ജില്ലകളിൽ പച്ചക്കറി കൃഷി പദ്ധതി നടപ്പിലാക്കിയതുവഴിയും 2 ലക്ഷം മെട്രിക് ടൺ പച്ചക്കറി അധികം ഉൽപ്പാദിപ്പിക്കുകയുണ്ടായി.

(സി) ചോദ്യം "എ"-യുടെ മറുപടിയിൽ പ്രസ്താവിച്ചിട്ടുള്ള പച്ചക്കറി വികസനത്തിനായുള്ള പദ്ധതികളെല്ലാം തന്നെ ഉത്സവകാലത്തേയും വേനൽക്കാലത്തേയും പച്ചക്കറി പ്രോത്സാഹിപ്പിക്കുവാൻ വേണ്ടി ആവിഷ്ക്കരിച്ചതാണ്.

(ഡി) വി.എഫ്.പി.സി.കെ., ഹോർട്ടി കോർപ്പറേഷൻ, കൃഷി വകുപ്പ് എന്നിവ മുഖേന നടപടി സ്വീകരിക്കുന്നുണ്ട്.

മൾട്ടി നാഷണൽ കോർപ്പറേഷൻ സംസ്ഥാനത്ത് നടത്തുന്ന വാനില കൃഷി

65 [2928] ശ്രീ. ഇ. എം. അഗസ്തി:
,, പി. ടി. തോമസ്:
,, ഡി. സുഗതൻ:
,, കെ. മോഹൻകുമാർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്ത് വാനില കൃഷി ചെയ്തിട്ടുണ്ട്; ഏതെങ്കിലും മൾട്ടി നാഷണൽ കോർപ്പറേഷൻ സംസ്ഥാനത്ത് വാനില കൃഷി ചെയ്യുന്നുണ്ടോ;

(ബി) വാനില കൃഷിക്കുവേണ്ടി ഏതെങ്കിലും മൾട്ടി നാഷണൽ കോർപ്പറേഷൻ അവരുടെ പേരിലോ, ബിനാമികളുടെ പേരിലോ കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിൽ ഭൂമി വാങ്ങുന്നതായി അറിവുണ്ടോ;

(സി) അന്തക വിത്തുനിർമ്മാതാക്കളായ മോൺസാന്റോ എന്ന കോർപ്പറേറ്റ് സ്ഥാപനം സംസ്ഥാനത്ത് വാനിലയുടെ അന്തക വിത്തോ തൈകളോ പ്രചരിപ്പിക്കുന്നുണ്ടോ?

ഉത്തരം

(എ) സ്പൈസസ് ബോർഡിന്റെ കണക്കുപ്രകാരം 2003-2004 വർഷത്തിൽ 1147 ഹെക്ടറിൽ വാനില കൃഷി ചെയ്യുന്നുണ്ട്. മൾട്ടി നാഷണൽ കോർപ്പറേഷൻ വാനില കൃഷി ചെയ്യുന്നതായി അറിവില്ല.

(ബി) ഇല്ല. ഗവൺമെന്റിനറിവില്ല.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly